## വേമ്പനാട്ടുകായലിലെ മത്സ്യസമ്പത്ത്

**6 (T*246)** ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേമ്പനാട്ടുകായലിലെ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കായലിലെ ഏതെല്ലാം ഇനം മത്സ്യങ്ങളാണ് കുറഞ്ഞു വരുന്നത് എന്നറിയിക്കാമോ ;

(സി) ഏതെല്ലാം തരം മത്സ്യങ്ങൾ ഇല്ലാതായിട്ടുണ്ട് ;

(ഡി) പ്രസ്തുത കായലിൽ കുറഞ്ഞുവരുന്ന മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളാണുള്ളത് ;

(ഇ) ഈ പരിപാടികളിൽ എന്തെങ്കിലും പാളിച്ച സംഭവിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ വ്യക്തമാക്കാമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി) തൂളി, കാരി, കാളാഞ്ചി, ആറ്റുവാള, കൊഞ്ച്, കരിമീൻ, കണമ്പ്, പൂമീൻ, വരാൽ എന്നിവ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫിഷറീസ് വകുപ്പിന്റേയും കേരളകാർഷിക സർവകലാശാലയുടെയും പഞ്ചായത്തുകളുടെയും സഹകരണത്തോടെ "വേമ്പനാട്ട് കായലിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കൽ" എന്ന പദ്ധതി നടപ്പിലായിവരുന്നു. ഈ പദ്ധതിയോടനുബന്ധിച്ച് വേമ്പനാട്ടു കായലിന്റെ മത്സ്യസമ്പത്തായ കരിമീനിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 25 ഏക്കർ വിസ്തൃതിയുള്ള ഒരു "മത്സ്യസങ്കേതം" സ്ഥാപിക്കുവാനുള്ള നടപടികൾ കാർഷിക സർവ്വകലാശാല സ്വീകരിച്ചു വരുന്നു. കൂടാതെ കോട്ടയം മത്സ്യകർഷകവികസന ഏജൻസിയുടെ നിയന്ത്രണത്തിൽ പള്ളം (കോട്ടയം) ഫാമിൽ കഴിഞ്ഞവർഷം ഉൽപ്പാദിപ്പിച്ച കരിമീൻ, വരാൽ തുടങ്ങിയ നാടൻ മത്സ്യകുഞ്ഞുങ്ങളെ വേമ്പനാട്ടു കായലിൽ നിക്ഷേപിക്കുകയുണ്ടായി.

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly